## പതിമൂന്നാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5130 27/07/2015-ലെ മറുപടിക്ക്

### ഹയ്യർ സെക്കന്ററി സ്കൂളുകളിൽ അധിക ബാച്ചുകൾക്ക് തസ്തിക അനുവദിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.ഗീതാ ഗോപി | ശ്രീ.പി.കെ.അബ്ദു റബ്ബ് (ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ 2011വർഷത്തിൽ എത്ര സ്കൂളുകൾക്ക് അധിക ബാച്ചുകൾ അനുവദിച്ചിട്ടുണ്ടെന്നും, പ്രസ്തുത സ്കൂളുകളിൽ നാളിതുവരെയായി തസ്തിക നിർണ്ണയം നടത്തി എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്നും അറിയാമോ ; | (എ) & (ബി) 181 ബാച്ചുകൾ -653 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. |
| (ബി) തസ്തികകൾ അനുവദിച്ചിട്ടില്ലെങ്കിൽ, ആരംഭിച്ച കഴിഞ്ഞ അധിക ബാച്ചുകളിലെ വിദ്യാർത്ഥികളുടെ അദ്ധ്യയനം നടക്കുന്നതിന് അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ എന്നും എന്ത് അടിസ്ഥാനത്തിലാണ് നിയമനം നടത്തിയിരിക്കുന്നതെന്നും അറിയിക്കുമോ ; | |
| (സി) 2011 ൽ അനുവദിച്ച അധികബാച്ചുകളിൽ ക്ലാസ്സെടുക്കുന്ന ഗസ്റ്റ് ലക്ചർമാർക്ക് ശമ്പളം കൊടുക്കുന്നുണ്ടോ; എങ്കിൽ ഇല്ലാത്ത തസ്തികകളിൽ ജോലി ചെയ്യുന്ന അധ്യാപകർക്ക് ശമ്പളം നൽകാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ; | (സി) 2011-12 അധ്യയന വർഷത്തിൽ അനുവദിച്ച അധിക ഹയർ സെക്കന്ററി ബാച്ചുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ സേവനം അനുഷ്ഠിച്ച അധ്യാപകർക്ക് വേതനം നൽകുന്നതിന് 11/03/2015-ലെ സ.ഉ (സാധാ) നം.956/15/പൊവി പ്രകാരം ഉത്തരവായിട്ടുണ്ട്. അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുവാൻ എല്ലാ പ്രിൻസിപ്പൽമാർക്കും ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ 18/03/2015-ലെ എസിഡി സി 3/ 42574/13/ എച്ച് എസ് ഇ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |

| | | | |
|---|---|---|---|
| (ഡി) | 2011 ൽ ഹയർ സെക്കന്ററി സ്കൂളുകളിൽ അനുവദിച്ച അധിക ബാച്ചുകളിലെ താൽക്കാലിക അധ്യാപകർക്ക് ശമ്പളം നൽകുന്ന മാതൃക, അതിനുശേഷം ബാച്ച് അനുവദിക്കപ്പെട്ട സ്കൂളുകളിലെ ഗസ്റ്റ് അദ്ധ്യാപകർക്കും ബാധകമാക്കി വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന ശമ്പളം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ ; | (ഡി) & (ഇ) | 2011- ന ശേഷം പുതുതായി അനുവദിച്ച അധിക ഹയർ സെക്കന്ററി ബാച്ചുകളിലെ അധ്യാപകർക്ക് തസ്തിക നിർണ്ണയം പൂർത്തിയായാൽ മാത്രമെ വേതനം നൽകുവാൻ കഴിയുകയുള്ളൂ. തസ്തിക നിർണ്ണയം ഇതുവരെയും പൂർത്തിയായിട്ടില്ല. |
| (ഇ) | ഇല്ലെങ്കിൽ, കാരണംവിശദമാക്കുമോ; എല്ലാവർക്കും ശമ്പളം ലഭിക്കുവാനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ ? | | |

Malayalam (signature)

സെക്ഷൻ ഓഫീസർ